**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2396** **12-02-2024 - ൽ മറുപടിയ്ക്ക്**

**ജി.സി.ഡി.എ. ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കേരള ഠൗൺ ആന്റ് കൺടി പ്ലാനിംഗ് ആക്ട് 2016 ആണോ ജി.സി.ഡി.എ. ഉൾപ്പെടുന്ന വികസന അതോറിറ്റികൾക്ക് ബാധകമായിട്ടുള്ള ചട്ടം എന്ന് വ്യക്തമാക്കാമോ; ജി.സി.ഡി.എ. ഉൾപ്പെടെയുള്ള വികസന അതോറിറ്റികൾക്ക് ബാധകമായിട്ടുള്ള വിശേഷാൽ ചട്ടങ്ങൾ ഏതാണ് എന്ന് വിശദമാക്കാമോ; | (എ) | കേരള ടൗൺ ആന്റ് കൺടി പ്ലാനിംഗ് ആക്ട് 2016 ജിസിഡിഎ-ക്ക് ബാധകമായ നിയമമാണ്. വിശേഷാൽ ചട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>KDA Rules 2015 ചട്ടം 15 a, b, c എന്നിവ പ്രകാരം അതോറിറ്റിയിൽ വിവിധ വിഭാഗം ജീവനക്കാർക്ക് ബാധകമായ താഴെപറയുന്ന Special Rules വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>1) പ്ലാനിംഗ് വിഭാഗത്തിന് Special Rules for the Kerala Town & Country Planning Service 2001 &Special Rules for Kerala Town & Country Planning Subordinate Service, 2000 ആണ് ബാധകമാക്കിയിരിക്കുന്നത്.<br><br>2) എഞ്ചിനീയറിംഗ് വിഭാഗത്തിന് Kerala Local Self Government Department Special Rules under the Engineering Service 2007-ഉം Special Rules for the Municipal Common Service (Engineering & Town Planning Service 2001) ആണ് ബാധകമായിരിക്കുന്നത്.<br><br>3)മിനിസ്റ്റീരിയൽ വിഭാഗത്തിന് സെക്രട്ടേറിയേറ്റ് പാറ്റേൺ പ്രകാരം നിയമിതരായവർക്ക് Kerala Secretariat Service Rules ഉം Kerala Secretariat Subordinate Service Rules ഉം മറ്റുള്ളവർക്ക് Kerala Municipal Common Service (Ministerial & Revenue Branch) Qualification & Method of Appointment Rules 2001 ആണ് ബാധകമാക്കിയിരിക്കുന്നത്. |
| (ബി) | സർക്കാർ ജീവനക്കാരുടെ ഏഴാം ശമ്പള പരിഷ്കരണ ഉത്തരവിലെ എല്ലാ ആനുകൂല്യങ്ങളും ജി.സി.ഡി.എ. ജീവനക്കാർക്കും 30.03.1999-ലെ ജി.ഒ (ആർ.ടി.) | (ബി) | ജീവനക്കരുടെ ഏഴാം ശമ്പള പരിഷ്കരണ ഉത്തരവിലെ (ജി.ഒ.(ആർ.റ്റി) നം.3000/1998/ എഫ്.ഡി. തീയതി 25/11/1998)എല്ലാ |

| | | | |
|---|---|---|---|
| | 1209/99/എൽ.എ.ഡി നമ്പർ ഉത്തരവ് അനുസരിച്ച് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | | ആനുകൂല്യങ്ങളും ജി.സി.ഡി.എ. ജീവനക്കാർക്ക് 30.03.1999 ലെ ജി.ഒ.(ആർ.റ്റി)നം.1209/99/ എൽ.എ.ഡി. ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | സർക്കാർ ജീവനക്കാരുടെ ഒമ്പതാം ശമ്പള പരിഷ്കരണ ഉത്തരവിലുള്ള ആനുപാതിക ഹയർ ഗ്രേഡ്, സമയബന്ധിത ഹയർ ഗ്രേഡ്, നിലവിലുള്ള മറ്റ് ആനുകൂല്യങ്ങൾ എന്നിവ ജി.സി.ഡി.എ. ജീവനക്കാർക്ക് 07.12.2011-ലെ ജി.ഒ (എം.എസ്.) 305/2011/എൽ.എസ്.ജി.ഡി എന്ന ഉത്തരവിലെ ഖണ്ഡിക നമ്പർ 3(i) പ്രകാരം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഈ ആനുകൂല്യങ്ങൾ ജി.സി.ഡി.എ. ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതാണെങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ പിന്നീട് റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവോ ചട്ടങ്ങളോ ഉണ്ടെങ്കിൽ അവ ഏതാണെന്ന് വ്യക്തമാക്കാമോ; | (സി) | ടി ആനുകൂല്യങ്ങൾ ജിസിഡിഎ ജീവനക്കാർക്ക് 07/02/2011 ലെ ജി.ഒ.(എം എസ്) 305/2011/ എൽഎസ്ജിഡി പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ആയത് റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവോ ചട്ടങ്ങളോ നാളിതുവരെ ഉണ്ടായിട്ടില്ല. |
| (ഡി) | ജി.സി.ഡി.എ. ക്ക് അനുവദിച്ച പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ [സ.ഉ(കൈ) നം.27/2016/തസ്വഭവ തീയതി.25.02.2018] ആറാം നമ്പർ ഖണ്ഡികയിൽ ശമ്പളം, റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് പ്രമോഷൻ, ലീവ്, പ്രമോഷൻ, അലവൻസുകൾ തുടങ്ങിയവയിൽ ഭേദഗതികൾ വരുത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടണം എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഭേദഗതികൾ വരുത്താതെ വിശേഷാൽ ചട്ടങ്ങൾ പ്രകാരം സാധാരണഗതിയിലുള്ള സ്ഥാനക്കയറ്റങ്ങൾ, ആനുപാതിക ഹയർ ഗ്രേഡ്, ലീവുകൾ എന്നിവ അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | 25/02/2018-ലെ സ.ഉ(കൈ) നം.27/2018/ തസ്വഭവ ഉത്തരവിൽ 6-ആം ഖണ്ഡികയിൽ ശമ്പളം, റേഷ്യോ പ്രൊമോഷൻ, അപ്ഗ്രഡേഷൻ, തസ്തിക പുനർനാമകരണം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിയയുൾപ്പടെ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. KDA Rules 2015 ചട്ടം 15 a,b,c എന്നിവ പ്രകാരം അതോറിറ്റിയിൽ പ്ലാനിംഗ്, എഞ്ചിനീയറിംഗ്, മിനിസ്റ്റീരിയൽ വിഭാഗങ്ങൾക്ക് യോഗ്യതയ്ക്കും, നിയമനരീതിയ്ക്കും ബാധകമായ വിശേഷാൽ ചട്ടങ്ങൾ പ്രതിപാദിക്കുന്നുണ്ട്. സ്പെഷ്യൽ റൂളുകളും ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകളും പാലിക്കപ്പെടേണ്ടതാണ്. |
| (ഇ) | പ്രസ്തുത ആക്ട് 2016 അധ്യായം നാല് ചട്ടം 22 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ അതോറിറ്റിയുടെ നിർവാഹക സമിതിക്കും വകുപ്പ് മേധാവിയിൽ നിക്ഷിപ്തമായ അധികാരങ്ങൾ അതോറിറ്റി സെക്രട്ടറിക്കും ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ 25.02.2018 -ലെ സ.ഉ(കൈ) നം.27/2016/തസ്വഭവ ഉത്തരവിലെ ഖണ്ഡിക നമ്പർ ആറിൽ പറഞ്ഞിട്ടുള്ള ഭേദഗതികൾ വരുത്തുന്നതിന് അനുമതി തേടേണ്ട ആവശ്യകതയുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഇ) | കെഡിഎ റൂൾ ചാപ്റ്റർ 4 ചട്ടം 22 പ്രകാരം കേരള സർവ്വീസ് റൂൾസ്, കേരള സിവിൽ സർവ്വീസ് (Classification, Control and Appeal) റൂൾസ് 1960 എന്നിവ പ്രകാരം സർക്കാരിനും വകുപ്പ മേധാവിക്കും ഉള്ള അധികാരങ്ങൾ അതോറിറ്റിക്കും സെക്രട്ടറിക്കും യഥാക്രമം നൽകിയിട്ടുള്ളതാണ്. എന്നിരുന്നാലും സർക്കാർ വിശദമായി പരിശോധിച്ച് പുറപ്പെടുവിച്ച ഉത്തരവായതിനാൽ 25.02.2018 തീയതിയിലെ സ.ഉ (കൈ) നം. 27/2018/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 6-ൽ സൂചിപ്പിച്ചിരിക്കുന്ന ഭേദഗതികൾ വരുത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതുണ്ട്. |
| (എഫ്) | സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ | (എഫ്) | ജിസിഡിഎ-ക്ക് ബാധകമാക്കിയ വിശേഷാൽ |

| | | | |
|---|---|---|---|
| | ഉത്തരവുകൾ, വിശേഷാൽ ചട്ടങ്ങൾ എന്നിവയ്ക്ക് അനുസൃതമായി ആനുപാതിക ഹയർ ഗ്രേഡ് സ്ഥാനക്കയറ്റങ്ങൾ, ശമ്പളം, ലീവ്, സ്കെയിൽ ഓഫ് പേ, സ്ഥാനക്കയറ്റം എന്നിവ ഭേദഗതികൾ കൂടാതെ അനുവദിക്കുന്നതിന് പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം അതോറിറ്റിക്ക് തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ; | | ചട്ടങ്ങൾ, ശമ്പള പരിഷ്കരണ വ്യവസ്ഥകൾ എന്നിവ പാലിക്കപ്പെടേണ്ടതുണ്ട്. |
| (ജി) | ജി.സി.ഡി.എ.യിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ ഒഴിവ് വന്നതുമൂലം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്ന ശ്രീമതി ജെബി ജോണിന് സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സൂപ്രണ്ടിംഗ് എഞ്ചിനീയറായി സ്ഥാനക്കയറ്റം നൽകിയ നടപടി ജി.സി.ഡി.എ.യുടെ 19.04.2022-ലെ സ. ഉ. (സാധാ ) നം.971/2022/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സാധൂകരിച്ച് ഉത്തരവായിട്ടുള്ളത് ജി.സി.ഡി.എ.ക്ക് അനുവദിച്ച പത്താം ശമ്പളപരിഷ്കരണ ഉത്തരവിലെ ആറാമത് വ്യവസ്ഥയ്ക്ക് വിരുദ്ധമാണോ എന്ന് വ്യക്തമാക്കാമോ? | (ജി) | പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ 6-ാം വ്യവസ്ഥയിൽ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയുമായി ബന്ധപ്പെട്ട് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആയതു പ്രകാരം യാതൊരു ഭേദഗതിയും വരുത്താതെയാണ് ശ്രീമതി. ജെബി ജോൺ, സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ടി തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതും സർക്കാരിൽ നിന്നും ആയതിന് അംഗീകാരം ലഭ്യമായിട്ടുള്ളതും. |

സെക്ഷൻ ഓഫീസർ